ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 03-11-2025** **TIME : 07.25 PM**

## പ്രധാന

1. **ലഹരിക്കെതിരായ പോരാട്ടത്തിൽ ഒരുമിച്ച് നിൽക്കണമെന്ന് വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്ത് ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ. കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് വജ്ര ജൂബിലി ആഘോഷങ്ങൾ ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്തു.**

   **Vice President C P Radhakrishnan has called upon students to unite in the fight against drugs. He was speaking after inaugurating the Diamond Jubilee celebrations of Fatima Mata National College, Kollam in Kerala today**

2. **ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ട് അപ്പ് ആവാസവ്യവസ്ഥയായി ഇന്ത്യ മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**

   **Prime Minister Narendra Modi said, India has become the world's third-largest startup ecosystem while inaugurating the Emerging Science and Technology Innovation Conclave in New Delhi.**

3. **55-ാമത് സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മമ്മൂട്ടി മികച്ച നടൻ. മികച്ച നടി ഷംല ഹംസ. മികച്ച ചിത്രത്തിനുള്ള പുരസ്കാരം മഞ്ഞുമ്മൽ ബോയ്സിന്.**

**55th Kerala Film Awards declared, Mammootty won Best Actor (Male) award while Shamla Hamza won the Best Actor (Female). Manjummal Boys won the award for Best Film.**

4. **ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. ഒന്നാം ഘട്ടത്തിലേക്കുള്ള പരസ്യ പ്രചാരണം നാളെ അവസാനിക്കും.**

**Campaigning for the first phase of Bihar Assembly elections in full swing before coming to an end tomorrow evening.**

5. **കേരളത്തിൽ തദ്ദേശ പൊതുതിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ നാളെയും മറ്റന്നാളും കൂടി അവസരമുണ്ടെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.**

**Citizens who have missed the chance for enrolling on the voters' list for the 2025 local body elections in Kerala will get the opportunity to add their names on November 4th and 5th .**

**********************

## VICE PRESIDENT (INTRO)

വിദ്യാഭ്യാസത്തേക്കാൾ വിലപ്പെട്ട മറ്റൊരു സമ്പത്തുമില്ലെന്ന് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ. അറിവിന്റെ ശക്തി സമസ്ത മേഖലകളിലേക്കും വ്യാപിക്കണമെന്നും, ഇത് സമൂഹത്തിന് കരുത്തായി മാറണമെന്നും കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് വജ്ര ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. നല്ല പൗരന്മാരെ സൃഷ്ടിക്കാൻ വിദ്യാഭ്യാസ

സ്ഥാപനങ്ങൾക്ക് സാധിക്കണം. അവരവർക്ക് വേണ്ടി ജീവിക്കുന്നതിനൊപ്പം സമൂഹത്തിനു വേണ്ടിയും ജീവിക്കാൻ നമുക്ക് സാധിക്കണമെന്ന് ഉപരാഷ്ട്രപതി വ്യക്തമാക്കി. ലഹരിക്കെതിരായ പോരാട്ടത്തിനായി ഒരുമിച്ച് നിൽക്കണമെന്ന് അദ്ദേഹം വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്തു.

(ഹോൾഡ്)

സാംസ്കാരികമായും വിദ്യാഭ്യാസപരമായും കേരളം രാജ്യത്തെ നയിക്കുകയാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ചടങ്ങിൽ പറഞ്ഞു. കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി, മന്ത്രി കെ.എൻ ബാലഗോപാൽ ഉൾപ്പെടെയുള്ള പ്രമുഖർ പരിപാടിയിൽ പങ്കെടുത്തു. രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായി ഇന്ന് ഉച്ചയോടെ തിരുവനന്തപുരത്തെത്തിയ ഉപരാഷ്ട്രപതി പിന്നീട് വ്യോമമാർഗ്ഗം കൊല്ലത്തെത്തുകയായിരുന്നു. ഇന്ത്യൻ കയർ കയറ്റുമതി ഫെഡറേഷൻ പ്രതിനിധികളുമായും അദ്ദേഹം കൊല്ലത്ത് കൂടിക്കാഴ്ച നടത്തി. ഇന്ന് രാജ്ഭവനിൽ തങ്ങുന്ന ഉപരാഷ്ട്രപതി നാളെ തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസിൽ നടക്കുന്ന പരിപാടിയിൽ പങ്കെടുക്കും. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് തലസ്ഥാന നഗരിയിൽ സുരക്ഷ ശക്തമാക്കി. ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

*********************

## DAY-PM- ESTIC (INTRO)

ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യ വികസനം ഏറ്റവും വിജയകരമായ രീതിയിൽ സാധ്യമാക്കിയ രാജ്യമാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഗവേഷണത്തിനായി രാജ്യം ചിലവഴിക്കുന്ന തുക കഴിഞ്ഞ ദശകത്തിൽ ഇരട്ടിയായി വർദ്ധിച്ചെന്നും പ്രധാനമന്ത്രി പറഞ്ഞു. എമർജിംഗ് സയൻസ് ആൻഡ് ടെക്നോളജി ഇനവേഷൻ കോൺക്ലേവ് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം . ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ട് അപ്പ് ആവാസവ്യവസ്ഥയായി ഇന്ത്യ മാറിയിരിക്കുകയാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

ഒരു ലക്ഷം കോടി രൂപയുടെ ഗവേഷണ വികസന-നവീകരണ പദ്ധതി ഫണ്ടും പ്രധാനമന്ത്രി ചടങ്ങിൽ ഉദ്ഘാടനം ചെയ്തു.

*********************

## REV. JAISHANKAR BAHRAIN FM

ഇന്ത്യയ്ക്കും ബഹ്റൈനുമിടയിലെ ഉഭയകക്ഷി വ്യാപാരവും നിക്ഷേപവും സുസ്ഥിര വളർച്ച

നിലനിർത്തുന്നതായി വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. അഞ്ചാമത് ഇന്ത്യ-ബഹ്റൈൻ ജോയിന്റ് കമ്മീഷൻ യോഗത്തെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പ്രതിരോധം, സുരക്ഷ, വ്യാപാരം, വാണിജ്യം, ആരോഗ്യം തുടങ്ങിയ മേഖലകളിലെ ഉഭയകക്ഷി നിക്ഷേപത്തിൽ ഇരു രാജ്യങ്ങളും ഗണ്യമായ പുരോഗതി കൈവരിച്ചതായും ശ്രീ ജയ്ശങ്കർ പറഞ്ഞു. ബഹ്റൈൻ പൗരന്മാരുടെ സന്ദർശനം പ്രോത്സാഹിപ്പിക്കുന്നതിനായി ഇ-വിസ സംവിധാനം ആരംഭിച്ചതായി പറഞ്ഞ വിദേശകാര്യമന്ത്രി ബഹ്റൈനിൽ നിന്നുള്ള നിക്ഷേപകരെ ഇന്ത്യയിലേയ്ക്ക് ക്ഷണിക്കുകയും ചെയ്തു. ബഹ്റൈനും ഇന്ത്യയും തമ്മിൽ അയ്യായിരത്തിലേറെ വർഷം പഴക്കമുള്ള ചരിത്രപരമായ ബന്ധമാണ് നിലനിൽക്കുന്നതെന്ന് ബഹ്റൈൻ വിദേശകാര്യ മന്ത്രി അബ്ദുല്ലത്തീഫ് ബിൻ റാഷിദ് അൽസയാനി പറഞ്ഞു.

***********************

## FILM AWARD (INTRO)

55-ാമത് സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഭ്രമയുഗത്തിലെ പ്രകടനത്തിന് മമ്മൂട്ടി മികച്ച നടനുള്ള പുരസ്കാരം സ്വന്തമാക്കി. ഫെമിനിച്ചി ഫാത്തിമയിലൂടെ ഷംല ഹംസ മികച്ച നടിയായി. മഞ്ഞുമ്മൽ ബോയ്സ് ആണ് മികച്ച ചിത്രം. ഇതടക്കം 10

പുരസ്കാരങ്ങളാണ് മഞ്ഞുമ്മൽ ബോയ്സ് സ്വന്തമാക്കിയത്. ഫെമിനിച്ചി ഫാത്തിമ മികച്ച രണ്ടാമത്തെ ചിത്രമായി. പ്രേമലു ആണ് ജനപ്രിയ ചിത്രം. തൃശൂരിൽ മന്ത്രി സജി ചെറിയാനാണ് പുരസ്കാര പ്രഖ്യാപനം നടത്തിയത്.

(സജി ചെറിയാൻ വോയിസ്).......

മികച്ച സ്വഭാവ നടനുള്ള പുരസ്കാരം സൗബിൻ ഷാഹിറും, സിദ്ധാർത്ഥ് ഭരതനും പങ്കിട്ടു. ലിജോമോൾ ജോസ് മികച്ച സ്വഭാവനടിയായി. മികച്ച അഭിനയത്തിന് ടോവിനോ തോമസും, ആസിഫ് അലിയും, ദർശന രാജേന്ദ്രനും, ജ്യോതിർമയിയും ജൂറിയുടെ പ്രത്യേക പരാമർശം നേടി.

**********************

## NAME ADD - VOTERS LIST

സംസ്ഥാനത്തെ തദ്ദേശ പൊതുതിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കാൻ നാളെയും മറ്റെന്നാളും കൂടി അവസരമുണ്ടെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ . കഴിഞ്ഞ മാസം 25 ന് പ്രസിദ്ധീകരിച്ച അന്തിമവോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായവർക്കാണ് പട്ടികയിൽ പേര് ചേർക്കുന്നതിന് അവസരം. പുതുതായി പേരു ചേർക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ് സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

**********************

## SIR

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി BLO മാർ വീടുകൾ സന്ദർശിച്ച് നാളെ മുതൽ എന്യൂമറേഷൻ ഫോം വിതരണം ചെയ്യും. അടുത്ത മാസം 4 ന് മുൻപ് പൂരിപ്പിച്ച ഫോമുകൾ തിരികെ നൽകണം. ഡിസംബർ 9 ന് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. കരട് പട്ടിക സംബന്ധിച്ച പരാതികൾ 2026 ജനുവരി 8 ന് മുൻപ് സമർപ്പിക്കണം. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 7 ന് പ്രസിദ്ധീകരിക്കും.

**********************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

**********************

## BIHAR CAMPAIGNING

ബിഹാറിൽ ഒന്നാം ഘട്ട നിയമസഭ തെരഞ്ഞെടുപ്പിനുള്ള പരസ്യ പ്രചാരണം നാളെ അവസാനിക്കും. താരപ്രചാരകരും മുതിർന്ന നേതാക്കളും പ്രചാരണം തുടരുകയാണ്. ജെഡിയു നേതാവും, ബിഹാർ മുഖ്യമന്ത്രിയുമായ നിതീഷ്

കുമാർ ഇന്ന് ഭഗൽപൂരിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തു. ആർജെഡി നേതാവ് തേജസ്വി യാദവ് ഇന്ന് ഭോജ്പൂരിലാണ് പ്രചാരണത്തിനെത്തിയത്. സംസ്ഥാനത്തെ 121 മണ്ഡലങ്ങളിൽ, ഈ മാസം ആറിനാണ് ഒന്നാംഘട്ടത്തിൽ വോട്ടെടുപ്പ്. രണ്ടാംഘട്ട വോട്ടെടുപ്പ് 11 നും, വോട്ടെണ്ണൽ 14 നും നടക്കും.

**********************

## PIB FACT CHECK- COL QURESHI

ത്രിശൂൽ സൈനികാഭ്യാസവുമായി ബന്ധപ്പെട്ട് കേണൽ സോഫിയ ഖുറേഷിയുടെ പേരിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന് കേന്ദ്രസർക്കാർ. ബിഹാർ തിരഞ്ഞെടുപ്പുമായി സൈനികാഭ്യാസത്തെ ബന്ധപ്പെടുത്തിയാണ് വ്യാജ വീഡിയോ നിർമിച്ചിരിക്കുന്നത്. ജനങ്ങളിൽ സൈന്യത്തെക്കുറിച്ച് തെറ്റിദ്ധാരണ സൃഷ്ടിക്കാനുള്ള ആസൂത്രിത ശ്രമങ്ങളുടെ ഭാഗമാണ് ഈ എഐ-നിർമിത വീഡിയോ എന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോ വ്യക്തമാക്കി.

**********************

## ED-ANIL PROPERTIES

കള്ളപ്പണം വെളുപ്പിക്കൽ കേസിൽ അനിൽ അംബാനിയുടെ 3,000 കോടി രൂപയിലധികം മൂല്യമുള്ള 40-ലധികം സ്വത്തുവകകൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്

താൽക്കാലികമായി കണ്ടുകെട്ടി. ബാങ്ക് വായ്പാ തട്ടിപ്പ് കേസുമായി ബന്ധപ്പെട്ടാണ് നടപടി.

**********************

## MINISTER VEENA GEORGE

വർക്കലക്ക് സമീപം ട്രെയിനിൽ നിന്നും തള്ളിയിട്ടതിനെ തുടർന്ന് ഗുരുതരമായി പരിക്കേറ്റ പെൺകുട്ടിയ്ക്ക് മെഡിക്കൽ ബോർഡ് രൂപീകരിച്ച് വിദഗ്ധ ചികിത്സ ഉറപ്പാക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഇതു സംബന്ധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജ് സൂപ്രണ്ടിന് മന്ത്രി നിർദേശം നൽകി. മദ്യലഹരിയിൽ കേരള എക്സ്പ്രസ് ട്രെയിനിൽ കയറിയ ആളാണ് യുവതിയെ ആക്രമിച്ചത്. പ്രതിയെ പിന്നീട് കൊച്ചുവേളിയിൽ വച്ച് റെയിൽവേ പോലീസ് അറസ്റ്റ് ചെയ്തു.

**********************

## KOCHI INTERNATIONAL BOOK FESTIVAL

എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടക്കുന്ന കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പിനു കീഴിലെ പബ്ലിക്കേഷൻ ഡിവിഷൻ്റെ അപൂർവ പുസ്തകങ്ങളുടെ പ്രദർശനം ശ്രദ്ധേയമായി. ഗാന്ധി സാഹിത്യം മുതൽ നിർമ്മിത ബുദ്ധി വരെയുള്ള പുസ്തകങ്ങൾ പബ്ലിക്കേഷൻ ഡിവിഷൻ്റെ പ്രദർശനത്തിനുണ്ട്. 10 മുതൽ 90 ശതമാനം വരെ

വിലക്കുറവിലാണ് ഇവ മേളയിൽ വിറ്റഴിക്കുന്നത്. 13 ഭാഷകളിൽ പ്രസിദ്ധപ്പെടുത്തുന്ന മന്ത്രാലയത്തിൻ്റെ മാസിക, യോജനയുടെ വരിക്കാരാകുന്നതിനും ഈ മാസം 10 വരെ നീളുന്ന പുസ്തകോത്സവത്തിൽ ക്രമീകരണം ഒരുക്കിയിട്ടുണ്ട്.

**********************

## MANDAVIYA- 100 YEARS HOCKEY

ഇന്ത്യൻ ഹോക്കിയുടെ 100 ആം വാർഷികാഘോഷവുമായി ബന്ധപ്പെട്ട് ഈ മാസം 7-ന് രാജ്യത്തുടനീളം 1,400 ലധികം ഹോക്കി ടൂർണമെന്റുകൾ സംഘടിപ്പിക്കുമെന്ന് കേന്ദ്ര കായിക മന്ത്രി മൻസുഖ് മണ്ഡവ്യ . ഹോക്കിയെക്കുറിച്ച് വ്യാപകമായി അവബോധം സൃഷ്ടിക്കുക. യുവജനങ്ങളെ കായികരംഗത്തേക്ക് ആകർഷിക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

**********************

## GST REFORMS- AGRICULTURE

രാജ്യത്ത് നിലവിൽ വന്ന പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ കാർഷിക മേഖലയിൽ ഗണ്യമായ നികുതി ഇളവുകൾക്ക് കാരണമായതായി കേന്ദ്ര സർക്കാർ. 1800 സിസിയിൽ താഴെയുള്ള ട്രാക്ടറുകളുടെ ജിഎസ്ടി 5 ശതമാനമായി കുറച്ചത് ചെറുകിട, ഇടത്തരം

കർഷകർക്ക് ആശ്വാസമായി. വിവിധ കാർഷിക യന്ത്രങ്ങളുടെ ജിഎസ്ടി 5 ശതമാനമായി കുറച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കാനും, വിള ഉൽപാദനം മെച്ചപ്പെടുത്താനും ഇത് വഴിയൊരുക്കും.

*******************************************************************************************

*******************